# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1073 | | 30.09.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ നിർമ്മാർജ്ജന നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.ടി,ബൽറാം<br>ശ്രീ.പി.ടി.തോമസ് | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | രാത്രി സമയങ്ങളിൽ പാതയോരങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | കേരള പഞ്ചായത്ത് രാജ് ആക്ട് 219 യു പ്രകാരം മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തികൊണ്ട് പോകുന്നതോ മാലിന്യം നിക്ഷേപിച്ച ശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായും സംശയിക്കാവുന്ന വാഹനത്തെ പഞ്ചായത്ത് സെക്രട്ടറിക്കോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ, പിടിച്ചെടുക്കേണ്ടതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം ആധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയും ചെയ്യാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340 പ്രകാരം അത്തരം പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നഗരസഭകൾക്കും അധികാരമുണ്ട്. |
| (സി) | ബഹുനില കെട്ടിടങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ മുതലായവയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് നിർബന്ധമായും ഒരുക്കേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2011 ലെ കെ.പി.ബി.ആർ അദ്ധ്യായം 10 എ സർക്കാർ അംഗീകൃത വൻകിട വികസന പദ്ധതികൾക്ക് വേണ്ടിയുള്ള വിശേഷാൽ വ്യവസ്ഥകളിലെ ചട്ടം 76 സി(2) പ്രകാരം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഖരമാലിന്യ മാനേജ്മെന്റിനുള്ള സംവിധാനവും ഡെവലപ്പർ തന്റെ സ്വന്തം ചെലവിൽ തന്നെ സ്ഥാപിച്ച് പരിപാലിക്കേ താണെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ അദ്ധ്യായം 19 ലെ പൊക്കം കൂടിയ കെട്ടിടങ്ങൾക്കുള്ള സുരക്ഷാ വ്യവസ്ഥകളിൽ ചട്ടം 110 പ്രകാരം ഒരു കെട്ടിടത്തിന്റെ ഉൾഭാഗത്തു നിന്നുള്ള ഏതൊരു ഓവുചാലിന്റെയും തുറപ്പുകൾ യുക്തമായ സാധനങ്ങൾ കൊണ്ട് മൂടേ താണെന്ന് വ്യവസ്ഥ ചെയ്യുന്നതോടൊപ്പം ചട്ടം 116 ലെ 3 (വി) പ്രകാരം ജീർണ്ണാവശിഷ്ടങ്ങളും നിർമ്മാണാന ന്തര നിരുപയോഗാവശിഷ്ടങ്ങളും പാഴ്വസ്തു ക്കളും സുരക്ഷിതമായും വൃത്തിയായും കൈയ്യൊഴിച്ചിട്ടുണ്ടെന്നും സൂപ്പർവൈസിംഗ് പ്രൊഫഷണൽ ഉറപ്പുവരുത്തേണ്ടതാ ണെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ അദ്ധ്യായം 4 ലെ സൈറ്റിന്റെറും കെട്ടിടത്തിന്റെയും ആവശ്യകതകൾ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വ്യവസ്ഥകൾ ചട്ടം 30 പ്രകാരം മാലിന്യങ്ങളുടെ സുരക്ഷിതമായ കയ്യൊഴിക്കലിനാവശ്യമായ വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334 (എ)യിലും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്. |
| (ഡി) | ഇത്തരം സജ്ജീകരണങ്ങൾ ഒരുക്കാത്ത ബഹുനില കെട്ടിടങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ എന്നിവയ്ക്കെതിരെ നിയമ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334 (എ) (2), (3), (4) പ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ട് 219 (വി) (2), (3), (4) പ്രകാരവും വ്യവസ്ഥ ലംഘിക്കുന്നവർക്ക് പിഴ ചുമത്തുന്നതിനും അംഗീകാരം റദ്ദാക്കുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിനുമുള്ള അധികാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ